(സി) ഈ റോഡിന്റെ മുഴുവനായുള്ള ഇൻവെസ്റ്റിഗേഷൻ നടപ്പിലായോ; ഇല്ലെങ്കിൽ ബാക്കിഭാഗം എന്നത്തേക്ക് പൂർത്തിയാകും;

(ഡി) ഗവൺമെന്റിൽനിന്നും ഈ റോഡിന്റെ പണിക്കു മുൻഗണന നൽകിയിരുന്നോ; നൽകിയിരുന്നെങ്കിൽ കാലതാമസമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ആരെല്ലാമാണ്"?

ഉത്തരം

(എ) ഉണ്ട്.

(ബി) 12-10-1975-ൽ.

(സി) ഈ റോഡിന്റെ അലൈൻമെന്റ് ഒന്നാംഘട്ടം പൂർത്തിയായി. (ചെയിനേജ് 0.7200 മീറ്റർവരെ) ബാക്കി ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ഈ വർഷം ഏറ്റെടുക്കാനുദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ പട്ടികയിൽ പെടുത്തിയിരുന്നു. സാധാരണഗതിയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ ജോലികൾക്ക് വേണ്ടിവരുന്ന താമസമേ ഉണ്ടായിട്ടുള്ളൂ.

മൂഴിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

1196 [1909] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലെ മൂഴിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരുടെ സ്ഥലം അക്വയർ ചെയ്തു;

(സി) ഇവർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) നഷ്ടപരിഹാരം കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും പരാതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരെല്ലാം;

(എഫ്) ഇത് സംബന്ധിച്ച് പാലത്തിനു തൊട്ടടുത്ത് താമസിക്കുന്ന മാധവവിലാസം വീട്ടിലെ ശ്രീ. മാധവൻപിള്ള സമർപ്പിച്ചിരുന്ന പരാതിയിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ നല്ല കായ്ഫലമുള്ള അനേകം തെങ്ങുകൾ മുറിയാനും നഷ്ടപ്പെടുമെന്നുള്ളതു കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പാലം വില്ലേജ് റോഡിലാണ് പണിതിട്ടുള്ളത്, നിബന്ധനപ്രകാരം ഇതിനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടണം. അതിനാൽ സ്ഥലം അക്വയർ ചെയ്യുന്ന പ്രശ്നമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ശ്രീ. റ്റി. പി. രാഘവൻ നായർ, അദ്ദേഹത്തിന്റെ മക്കളായ ഇ. ഗോപിനാഥൻ നായർ. ആർ, തങ്കമണിയമ്മ, എന്നിവരും ശ്രീ. ആർ. മാധവൻ പിള്ളയും പരാതികൾ നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) എ-യിൽ പറഞ്ഞിരിക്കുന്ന കാരണത്താൽ നഷ്ടപരിഹാരം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

വേങ്ങശ്ശേരി പാലത്തിന്റെ നിർമ്മാണ പുരോഗതി

1197 [1910] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലെ വേങ്ങശ്ശേരി പാലത്തിന്റെ നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കാമോ;

(ബി) ഈ പണികൾക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ളത് എത്ര സംഖ്യയാണ്;

(സി) ഇതിനകം എത്ര സംഖ്യ ചെലവായെന്നു വ്യക്തമാക്കുമോ;

(ഡി) പണി എന്നത്തേക്കു പൂർത്തിയാകും?

ഉത്തരം

(എ) വേങ്ങശ്ശേരി പാലത്തിന്റെ ആദ്യത്തെ ഡക്ക് വാർത്തുകഴിഞ്ഞു. പാലത്തിന്റെ . അപ്രോച്ചുറോഡിന്റെ നിർമ്മാണവും, വലതുവശത്തെ അബട്ട്മെന്റിന്റെ കോൺക്രീറുപണിയും പുരോഗമിച്ചു വരുന്നു.

(ബി) 50,000 രൂപ.

(സി) 1979 ഫെബ്രുവരി അവസാനംവരെ 3,56,269 രൂപ ചെലവായിട്ടുണ്ട്.

(ഡി) 1979 സെപ്തംബർ മാസത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

മങ്കര-കാളികാവ്-പുട്ടൂർ റോഡ്

1198 [1911] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മങ്കര-കാളികാവ്-പുട്ടൂർ റോഡ് (ടിപ്പുസുൽത്താൻ റോഡ്) ഗതാഗതയോഗ്യമാക്കാനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) ഈ പണിക്ക് എന്തു തുക ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പണി എന്നത്തേക്കു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ?

LIBRARY ARCHIVES Kerala Legislative Assembly